LIBRARY ARCHIVES Kerala Legislative Assembly

തൃകാർ മറിച്ചു വിറ്റ എന്നും നെല്ലെടുപ്പിലും പഞ്ചസാര വിതരണത്തിലും ആ ഉദ്യോഗസ്ഥൻ അഴിമതികൾ കാണിക്കുന്നുവെന്നും മറ്റും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അന്വേഷണം നടത്തിയോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

വർത്തമാന പത്രങ്ങൾക്ക് ആനുകൂല്യങ്ങൾ

*൧൦൩൫. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഈ സംസ്ഥാനത്തിലെ വർത്തമാന പത്രങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സാധാരണ കൊടുത്തുവരുന്നത്;

(ബി) ഏതെങ്കിലും പത്രങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടു് പ്രസിദ്ധീകരണങ്ങൾ സൌജന്യമായി നല്കുക, പത്ര പ്രതിനിധികളുടെ മറിയൽ പ്രവേശനം നല്കുക, ഗവൺമെണ്ടു് അടിയന്തിരങ്ങൾക്ക് ക്ഷണം ലഭിക്കുക എന്നിവയാണ് പത്രക്കാർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ.

(ബി) ഉണ്ടു്.

(സി) മലബാർ മെയിൽ പത്രത്തിനു് പരസ്യം സംബന്ധിച്ചു് ആ പത്രം കാണിച്ചിട്ടുള്ള ചില ക്രമക്കേടുകളെ ആസ്പദമാക്കി മേൽപറഞ്ഞ ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടായിരുന്നു. ആ നിരോധനം ഇപ്പോൾ പിൻവലിച്ചിട്ടുണ്ടു്.

സംയോജനത്തിനുശേഷം ഇല്ലായ്മ ചെയ്തിട്ടുള്ള ഉദ്യോഗങ്ങൾ

*൧൦൩൬. (൨൫) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം ൧൯൪൯ ആഗസ്റ്റ് ൩൧-ാംതീയതിവരെ എത്ര ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്;

(ബി) അതുകൊണ്ടു് ചിലവിൽ കുറവുവന്നിട്ടുള്ള സംഖ്യ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ ബി) ഉദ്ദേശം ൪൦൦ ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്. പക്ഷേ പിരിച്ചുവിട്ടിട്ടുള്ളവരിൽ അധികംപേരെയും വേറെ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ടു്. കൂടുതൽ വിവരം സംകലനം ചെയ്യുന്നതിനു് ദീർഘമായ അന്വേഷണം വേണ്ടിവരും.

കൈക്കുലിക്കുറ്റത്തിനു പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർ

*൧൦൩൭. (൨൬) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—